


# Ruth(രൂത്ത്)

വേദപുസ്തകത്തിലെ രണ്ട് പുസ്തകങ്ങൾ (രൂത്ത്, എസ്ഥേർ) രണ്ട് സ്ത്രീകളുടെ പേരിൽ അറിയപ്പെടുവാൻ ദൈവം അനുവദിച്ചത് അത്ഭുതകരമായ ഒരു കാര്യമാണ്. രൂത്ത് ജാതികളുടെ പ്രതിനിധിയായും, എസ്ഥേർ യഹൂദൻമാരുടെ പ്രതിനിധിയായും നിലകൊള്ളുന്നു. ദൈവത്തിന്റെ മഹത്തരമായ രക്ഷയുടെ പദ്ധതിയിൽ രൂത്തിനെ ഉൾപ്പെടുത്തുവാൻ ദൈവത്തിന് പ്രസാദം തോന്നി. കൃപയാലല്ലോ നാം വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്, അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു. (എഫേ:2:8)

മോവാബ്യർ ദൈവമുമ്പാകെ ശപിക്കപ്പെട്ടവരാണ്. രൂത്ത് മോവാബ്യ സ്ത്രീ ആയിട്ടും അമ്മാവിയമ്മ ജീവനുള്ള ദൈവത്തെപ്പ

റ്റിയും ,യഹൂദദേശത്തെയും യഹൂദജാതിയെപ്പറ്റിയും പറയുന്നത് ശ്രദ്ധവച്ച് കേട്ടിരുന്നു.അതിനാൽ തിരഞ്ഞെടുപ്പിന്റെ സമയത്ത് ധൈര്യ മായി തീരുമാനം എടുക്കുവാൻ അവൾക്ക് കഴിഞ്ഞു.വിധവയായിട്ടും, തന്റെ കുടുംബബന്ധം ബന്ധനമാകാതെ അബ്രാമിനെപ്പോലെ എല്ലാം വിട്ട് പുറപ്പെടുവാൻ അവൾ തയാറായി . ദൈവത്തിൽ നമ്മെ അക റ്റുന്ന 'വേർപാടിന്റെ നടുച്ചുവർ' ദൈവം ഇടിച്ചുകളയുന്നതിന്റെ തെളി വാണ് ഇത്. ബേത്‌ലഹേമിലേക്ക് അമ്മാവിയമ്മയോടൊപ്പം പോകുവാൻ തീരുമാനിച്ച രൂത്ത് അതിന്റെ കാരണങ്ങൾ രൂത്ത് (1:16,17) വാക്യങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

1) നിന്നെ വിട്ടുപിരിഞ്ഞ് , മടങ്ങിപ്പോകുവാൻ പറയരുത്.

2) നീ പോകുന്നേടത്ത് ഞാനും പോരും

3) നീ പാർക്കുന്നേടത്ത് ഞാനും പാർക്കും

4) നിന്റെ ജനം എന്റെ ജനം

5) നിന്റെ ദൈവം എന്റെ ദൈവം

6) നീ മരിക്കുന്നേടത്ത് ഞാനും മരിച്ചടക്കപ്പെടും.

7) മരണത്താൽ അല്ലാതെ ഞാൻ നിന്നെ വിട്ടുപിരിയുകയില്ല.

രൂത്തിന്റെ വിശ്വാസത്തിന് ഭംഗം വരുത്താതെ നിറഞ്ഞ അവസ്ഥ യിൽ (യവക്കൊയ്ത്തിന്റെ ആരംഭത്തിൽ) ബേത്‌ലഹേമിലേക്ക് ദൈവം അവരെ എത്തിച്ചു. വന്ന അന്നു തന്നെ രൂത്ത് വയലിൽ ഇറങ്ങുവാ നുള്ള ധൈര്യം കാണിച്ചു. മോവാബിൽ കിടന്ന പലരേയും ദൈവം വയ ലിലെത്തിച്ചിട്ടുണ്ട് .എന്നാൽ അവരിൽ പലരും കൊയ്യുവാനോ, കാലാ പെറുക്കുവാനോ താല്പര്യമില്ലാതെ പട്ടിണി കിടക്കുന്നു(ആത്മീയ വിശ പ്പ്). ചിലർ വയലിലിറങ്ങും പക്ഷേ വരമ്പത്തു നിന്ന് ആജ്ഞാപിക്കുക മാത്രമേ ചെയ്യാറുള്ളൂ. ഉടുപ്പുടയാതെ, മുട്ടിൽ തഴമ്പില്ലാതെ കഴിയുന്ന ഇവരിൽ പലരും അന്ത്യകാലത്ത് ജഡമോഹികളായിത്തീരുന്നു.

അമ്മാവിയമ്മയുടെ അനുവാദത്തോടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പ്രവർത്തിച്ചിട്ടും , മടങ്ങിയെത്തുമ്പോൾ അവളുടെ ചോദ്യങ്ങളുടെ മുൻപിലും രൂത്ത് നില്ക്കേണ്ടതായി വന്നു. അമ്മയുടെ ഓരോ ചോദ്യ ത്തിനും വ്യക്തമായി മറുപടിയും അവൾ നൽകിയിരുന്നു. (രൂത്ത് 2:19) , കർത്താവിന്റെ മുൻപിൽ നില്ക്കേണ്ട ഒരു സമയം നമ്മുടെ ജീവിത ത്തിലും ഉണ്ടെന്നുള്ള കാര്യം ആരും മറക്കരുത്. വ്യക്തമായി മറുപടി പറ യുവാൻ നമുക്ക് കഴിയുമോ?

## രൂത്ത് ഇറങ്ങിയ വയലിന്റെ പ്രത്യേകതകൾ

1) ഈ വയലിന് ഒരു ഉടമസ്ഥനുണ്ട് -- (രൂത്ത്(2:3)

2) എല്ലാവർക്കും സുരക്ഷിതത്വം ലഭ്യമാകുന്ന വയൽ--രൂത്ത്(2:8,9)

3) വിവിധ ശുശ്രൂഷകൾ ഉള്ള വയൽ -- രൂത്ത് (2:8,9,16)

4) ആഹാരവും , വെള്ളവും , പ്രതിഫലവും നൽകുന്ന വയൽ ---രൂത്ത് (2:14-18)

ദീർഘസമയം വയലിൽ അദ്ധ്വാനിക്കേണ്ടതായി വരികയില്ല. അദ്ധ്വാനിക്കുന്നത് അതാതു വൈകുന്നേരങ്ങളിൽ യജമാനൻ പ്രതി ഫലം നൽകുന്നു. പ്രീയരേ, നമുക്കും ഒരു വൈകുന്നേരമുണ്ട്. അത് പ്രതിഫലം യജമാനൻ തരുന്ന വൈകുന്നേരമാണ്. നമുക്ക് പ്രതിഫലം ലഭ്യമാകുമോ ?

കൂട്ടുവേലക്കാരുള്ള വയലാകയാൽ ബാല്യക്കാരികളോട് ചേർന്നു കൊള്ളുക എന്ന ബോവസ്സിന്റെ നിർദ്ദേശം അവൾ പാലിച്ചു. കൂട്ടായ്മ യുള്ളവരാണോ നിങ്ങൾ ? ജഡികൻമാരുള്ള വയലിൽ സാക്ഷ്യം നഷ്ട മാക്കിയവരും ഉള്ളതിനാൽ യജമാനന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ നാം നമ്മെ ഏല്പിക്കണം. ബോവസ്സ്- ക്രിസ്തുവിന്റെയും രൂത്ത് സഭ യുടെയും , നൊവൊമി പരിശുദ്ധാത്മാവിന്റെയും നിഴലാണ്. മണവാട്ടി ആലോചന തേടി ബോവസ്സിന്റെ പാദത്തിലെത്തുന്നു. കൊയ്ത്ത് തീരു

വോളം വയലിൽ പ്രവർത്തിച്ചവർക്ക് യജമാനൻ സമ്മാനം നൽകുന്നു, പ്രതിഫലം വാങ്ങേണ്ട സമയത്തേക്ക് ചെയ്യേണ്ട കാര്യങ്ങൾ നൊവൊമി, രൂത്തിനെ ഓർമ്മപ്പെടുത്തുന്നു. -രൂത്ത്(3:3)

1) കുളിക്കണം (2) തൈലം പൂശണം (3) വസ്ത്രം ധരിക്കണം (4) കളത്തിൽ ചെല്ലണം (5) വീണ്ടെടുപ്പിന്റെ പുതപ്പ് ചോദിക്കണം.

നീ ബോവസ്സിന്റെ മണവാട്ടി ആകുന്നു. വിശ്വാസത്തിന്റെ ഈ പൂർത്തീ കരണം ദൈവ കരുണ മാത്രമാണ്.

പ്രീയരേ ! പട്ടണവാതില്ക്കലുള്ളവരുടെ പ്രശംസ സ്വീകരിച്ച രൂത്തിന് ജീവിതകാലം മുഴുവനും വാക്കുമാറാത്ത വീണ്ടെടുപ്പുകാരന്റെ കാന്ത യായിത്തീരുവാൻ കഴിഞ്ഞു.

അതുപോലെ മണവാളനായ ക്രിസ്തുവിനൊപ്പം അന്തമില്ലാത്ത വാസ ത്തിനായി നമുക്കും ഒരുങ്ങാം.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind